**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1667 04.10.2016-ൽ മറുപടിയ്ക്ക്**

## സമഗ്ര കായികനയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി)** |
| (എ) | കുട്ടികളിൽ കായികാഭിരുചി ഉറപ്പാക്കാനും ആരോഗ്യ പൂർണ്ണമായ ഒരു പുതുതലമുറയെ രൂപപ്പെടുത്തുന്നതിനുമായി എന്തെങ്കിലും സമഗ്രപദ്ധതി ആലോചനയിലുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ; | (എ) | കുട്ടികളിൽ കായികാഭിരുചി ഉറപ്പാക്കാനും ആരോഗ്യ പൂർണ്ണമായ ഒരു പുതുതലമുറയെ രൂപപ്പെടുത്തുന്നതിനുമായി വിപുലമായ ഒരു സമഗ്രപദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ ഭാഗമായി 1 മുതൽ 4 വരെയുള്ള ലോവർ പ്രൈമറി വിദ്യാർത്ഥികൾക്ക് കായിക ക്ഷമത നടപ്പിലാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റിനെയും 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ കായികക്ഷമത എങ്ങനെ മെച്ചപ്പെടുത്താമെന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിയ്ക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് അംഗങ്ങളായ ഡോ.ടി.ഐ.മനോജ്, ശ്രീ.പി.ശശിധരൻ നായർ, ശ്രീ.ഒ.കെ.വിനീഷ് എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിയ്ക്കുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക്, ആയത് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഗ്രാമീണ മേഖലയിൽ കായികപരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും അതിലൂടെ യഥാർത്ഥകായികപ്രതിഭകളെ കണ്ടെത്താനും, സമഗ്ര പരിശീലനം ലഭ്യമാക്കാനുമായി എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | (ബി) | ഗ്രാമീണമേഖലയിൽ കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും അതിലൂടെ യഥാർത്ഥ കായികപ്രതിഭകളെ കണ്ടെത്താനും, സമഗ്ര പരിശീലനം ലഭ്യമാക്കുന്നതിനുമായി 08.07.2016-ൽ ബഹു.ധനകാര്യവകുപ്പ് മന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും, തുടക്കമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷം 25 മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതുമാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് സമഗ്രമായ കായികനയം രൂപപ്പെടുത്താനും നടപ്പാക്കാനും ഉദ്ദേശമുണ്ടോ ? | (സി) | സംസ്ഥാനത്ത് സമഗ്രമായ കായികനയം രൂപീകരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവപരിഗണനയിലാണ്. |

Manoj M

സെക്ഷൻ ഓഫീസർ